ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സമരം

121 (832)ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി.സി. ജോർജ് :
ശ്രീ. ആന്റണി രാജു :
ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ കഴിഞ്ഞ രണ്ടു മാസമായി സമരത്തിലാണോ;

(ബി) എങ്കിൽ ഇവരുടെ സംഘടനാ പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തി സമരം ഒത്തു തീർപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇവരുടെ ശമ്പള പരിഷ്കരണത്തിലുള്ള അപാകതകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാരിൽ നിന്നും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരായി വന്നവരുടെ സേവനകാലം സർവ്വീസായി അംഗീകരിക്കുമോ?

ഉത്തരം

(എ) അല്ല. ഏതാനു ദിവസം റിലേ സത്യാഗ്രഹമായിരുന്നു.

(ബി) സംഘടനാ പ്രതിനിധികളുമായി സർക്കാർ നടത്തിയ ചർച്ചയുടെ ഫലമായി സത്യാഗ്രഹം 6.12.99-ൽ പിൻവലിച്ചു.

(സി) ശമ്പള പരിഷ്ക്കരണത്തിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് ധനകാര്യ (ശമ്പള പരിഷ്ക്കരണ) വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിക്കുന്നതിനുവേണ്ടി സംഘടനാതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

(ഡി) ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാരിൽ നിന്നും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരായി വന്നവരുടെ സേവനകാലം സർവ്വീസായി അംഗീകരിക്കാൻ നിവൃത്തിയില്ല.

ചീരാൽ മൃഗാശുപത്രിയിലെ ഡോക്ടർ സുധീർകുമാറിനെതിരെ അഴിമതി സംബന്ധിച്ചുള്ള പരാതി

122(833)ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാമധേനു ഇൻഷ്വറൻസ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നെന്മേനി പഞ്ചായത്തിലെ ചീരാൽ മൃഗാശുപത്രിയിലെ ഡോക്ടർ സുധീർകുമാറിനെതിരെ അഴിമതി സംബന്ധിച്ചുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) കൈക്കൂലി വാങ്ങിയ ഡോക്ടർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly